"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2382 12.03.2020 ൽ മറുപടിയ്ക്ക്

കണ്ടൽ കാടുകളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) &<br>(ബി) | കണ്ടൽകാടുകളെ സംരക്ഷിക്കാനായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. 2006-07 വർഷം മുതൽ Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുന്നതിനോടൊപ്പം പൊതുജനങ്ങൾക്ക് നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതിക്കായി 2017-18-ൽ 294.53 ലക്ഷം രൂപയും 2018-19-ൽ 231.2 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 106.92 ലക്ഷം രൂപ കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും, തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും, കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും |
| (ബി) | കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്കനുസൃതമായി കണ്ടൽ കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 485/16 തീയതി 24/12/16-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധന സഹായം നൽകി വരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. |

Signature valid

Digitally signed by ANJALYDEVI A G
Date: 2020.03.1[illegible]:41:44 IST
Reason: Approved

സെക്ഷൻ ഓഫീസർ